പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1232

13/12/2012-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ഹാരിസൺ മലയാളം ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഹാരിസൺ മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ നിന്ന് റബ്ബർ മരങ്ങൾ വെട്ടിവിൽക്കുന്നതിന് ബന്ധപ്പെട്ട കമ്പനിയുടെ വെബ് സൈറ്റിൽ ടെൻഡർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുകയുണ്ടായോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഏതെല്ലാം എസ്റ്റേറ്റുകളിൽ എത്ര വീതം മരങ്ങൾ മുറിച്ച് വില്ക്കാനാണ് കമ്പനി ശ്രമം നടത്തിയിരുന്നതെന്ന് വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് ടി കമ്പനിക്ക് എസ്റ്റേറ്റുകളുള്ള കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെ നാഗമല, വെഞ്ചർ, ഇസ്ഫീൽഡ്, കുമ്പഴ, ലാഹ, കോന്നി മുതലായ തോട്ടങ്ങളിൽ നിന്നും 83000 റബ്ബർ മരങ്ങൾ മുറിച്ചുനീക്കുന്നതിന് ടി കമ്പനി ബഹു.ഹൈക്കോടതിയുടെ അനുമതി തേടിയിരുന്നു. |
| (സി) മരം മുറിച്ച് വില്ക്കുന്നത് തടയാൻ സർക്കാർ സ്വീകരിച്ച നടപടി എന്താണ്; | (സി) M/s.ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള മുഴുവൻ ഭൂമിയും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനായി സർക്കാർ O.P.(C) 3508/11-ാം നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ, ടി ഭൂമിയിൽ നിന്നും റബ്ബർ മരങ്ങൾ മുറിച്ചുനീക്കുന്നതിനെതിരെ സർക്കാർ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും, എന്നാൽ 10/10/12ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിൽ, പ്രായമായ റബ്ബർമരങ്ങൾ മുറിച്ചുനീക്കി പകരം പുതിയ റബ്ബർ തൈകൾ വച്ചുപിടിപ്പിക്കുന്നതിനു മുമ്പായി 18 കോടി രൂപയുടെ 'Bank Guarantee' കോടതിയിൽ കെട്ടിവയ്ക്കാൻ ടി കമ്പനിയോട് നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കമ്പനി ഹാജരാക്കിയ 'Bank Guarantee' 08/11/2012 മുതൽ 28/02/2013 വരെയുള്ള 3 മാസക്കാലം മാത്രമേ Validity ഉള്ളു എന്ന് ബോധ്യം വന്നിട്ടുള്ളതിനാൽ O.P.(C)-3508/11ലെ IA-11816/2012ലെ 27/11/2012ലെ ഉത്തരവ് പ്രകാരം ടി 'Bank Guarantee' 25/02/2013ന് മുമ്പ് പുതുക്കിയശേഷം ഓരോ വർഷവും Due Date-ന് 5 ദിവസം മുമ്പ് പുതുക്കേണ്ടതാണെന്നും, വിവരം ബഹു.കോടതിയെ അറിയിക്കേണ്ടതാണെന്നും കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഡി) ഹാരിസൺ മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചുവരുന്ന ഭൂമി ഏതൊക്കെയാണെന്നും എത്ര ഏക്കർ വീതം ഉണ്ടെന്നും അത് സംബന്ധിച്ച കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

(ഡി) സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട,കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ 8 ജില്ലകളിൽ M/s.ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശം ഭൂമിയുണ്ട്. 02/04/1972ൽ ടി കമ്പനി സ്റ്റേറ്റ് ലാന്റ് ബോർഡിൽ സമർപ്പിച്ച, കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള സീലിംഗ് റിട്ടേൺ പ്രകാരം ടി കമ്പനിയുടെ കൈവശം സംസ്ഥാനത്ത് ആകെ 59667.291 ഏക്കർ ഭൂമിയുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| 1 | വയനാട് | 18,799.52.000 ഏക്കർ |
| 2 | കോഴിക്കോട് | 0.00.000 ഏക്കർ |
| 3 | തൃശ്ശൂർ | 6,057.48.000 ഏക്കർ |
| 4 | ഇടുക്കി | 13,954.46.500 ഏക്കർ |
| 5 | കോട്ടയം | 3,681.06.000 ഏക്കർ |
| 6 | എറണാകുളം | 03.21.200 ഏക്കർ |
| 7 | പത്തനംതിട്ട | 7,774.98.000 ഏക്കർ |
| 8 | കൊല്ലം | 9,396.57.400 ഏക്കർ |
| ആകെ | | 59667.29.100 ഏക്കർ |

ടി ഭൂമി വ്യാജ ആധാരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിദേശ കമ്പനി ഇന്ത്യയിലുണ്ടായിരുന്ന വിവിധ നിയമങ്ങൾക്ക് വിരുദ്ധമായി കൈവശം വച്ചിരുന്നതിനാൽ ടി ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും, വ്യാജ ആധാരങ്ങളുടെ അടിസ്ഥാനത്തിൽ കമ്പനി നേടിയെടുത്ത എല്ലാ ഉത്തരവുകളും, നടപടി ക്രമങ്ങളും റദ്ദാക്കുന്നതിനുമായി സർക്കാർ ബഹു.ഹൈക്കോടതിയിൽ O.P.(C)-3508/11-ാം കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ബഹു.കോടതിയുടെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ